പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം : 4369

27.06.2013-ൽ മറുപടി
നൽകേണ്ടത്

## ഭൂരഹിതരായ കുടുംബങ്ങൾക്ക് മിച്ചഭൂമി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഭൂരഹിതരായ എത്ര കുടുംബങ്ങൾക്ക് ഈ സർക്കാരിന്റെ കാലത്ത് ഭൂമി വിതരണം ചെയ്തുവെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (എ) 'ഭൂരഹിതരില്ലാത്ത കേരളം' പദ്ധതി പ്രകാരം ഭൂമി വിതരണനടപടികൾ ആരംഭിക്കാനിരിക്കുന്നതേയുള്ളൂ |
| (ബി) ഇനിയും എത്ര കുടുംബങ്ങൾക്ക് ഭൂമി നൽകാനുണ്ടെന്നും ഇതിനായി എത്ര ഏക്കർ മിച്ച ഭൂമി കണ്ടെത്തിയിട്ടുണ്ടെന്നും അറിയിക്കുമോ; | (ബി) ജില്ലാ കളക്ടർമാരുടെ റിപ്പോർട്ടുകൾ പ്രകാരം 647.40 ഏക്കർ മിച്ചഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ജില്ലകളിൽ നടന്നു വരുന്ന സർവേ പ്രവർത്തനം പൂർത്തിയായാൽ മാത്രമേ ഉപയോഗപ്പെടുത്താവുന്ന മിച്ചഭൂമിയുടെ യഥാർത്ഥ വിസ്തീർണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. |
| (സി) പ്രസ്തുത അപേക്ഷകർക്ക് എന്നത്തേക്ക് ഭൂമി വിതരണം ചെയ്യാനാവുമെന്ന് വിശദമാക്കുമോ ; | (സി) 2013 ആഗസ്റ്റ് മാസം പദ്ധതിയുടെ ആദ്യഘട്ടമെന്നനിലയിൽ ഒരു ലക്ഷം ഭൂരഹിതകുടുംബങ്ങൾക്ക് ഭൂമി നൽകാനാണ് ഉദ്ദേശിക്കുന്നത്. തുടർന്ന് 2015-ഓടുകൂടി അർഹരായ മുഴുവൻ ഭൂരഹിത കുടുംബങ്ങൾക്കും |

വാസയോഗ്യമായ 3 സെന്റ് ഭൂമി വീതം നൽകുന്നതാണ്.

(ഡി) ഭൂമി വിതരണത്തിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

(ഡി) മിച്ചഭൂമി ഉൾപ്പെടെയുള്ള വിവിധ തരം സർക്കാർ ഭൂമികൾ കണ്ടെത്തി സർവേ ചെയ്ത് പ്ലോട്ടുകൾ തിരിച്ച് സ്കെച്ച് തയ്യാറാക്കുന്ന ജോലിയും, അർഹരായ ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിന് ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികളും ജില്ലാ തലത്തിൽ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ